(ബി) 2014-15 വർഷം ടി ഇനങ്ങളിലായി ഏതെല്ലാം പ്രവൃത്തികൾ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ വർക്കുകൾ അനുവദിക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ വന്നശേഷം SRIP-ൽ ഉൾപ്പെടുത്തി കോങ്ങാട് മണ്ഡലത്തിൽ റോഡുകൾക്ക് തുകയൊന്നും അനുവദിച്ചിട്ടില്ല. SDRF എന്നൊരു പദ്ധതി നിലവിലില്ല. എന്നാൽ S.L.T.F-ൽ ഉൾപ്പെടുത്തി 97 പ്രവൃത്തികൾക്കായി 1040.60 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്. 2014-15-ൽ 23 പ്രവൃത്തികൾക്കായി 309.40 ലക്ഷം രൂപയുടെ പ്രവൃത്തികൾക്കും അനുമതി നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി വച്ചിട്ടുണ്ട്.*

(സി) ചോദ്യം ഉദിക്കുന്നില്ല.

വാമനപുരം - ചിറ്റാർ റോഡ് നവീകരണം

291 (1335) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം - ചിറ്റാർ റോഡ് നവീകരിക്കുന്നതിന് തുക അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് വാമനപുരം എം.എൽ.എ. എത്ര കത്തുകൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) ഈ ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(സി) റോഡിന്റെ നവീകരണത്തിനായി വിവിധ സംഘടനകൾ സമരങ്ങളും പ്രക്ഷോഭങ്ങളും നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) വാമനപുരം മണ്ഡലത്തിലെ ഏറ്റവും ദൈർഘ്യമുള്ള ഈ റോഡ് ബി എം & ബി സി രീതിയിൽ പുനഃരുദ്ധരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വാമനപുരം-ചിറ്റാർ റോഡ് നവീകരിക്കുന്നതിന് ഇക അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് വാമനപുരം എം.എൽ.എ.-യുടെ ഒരു കത്ത് ലഭിച്ചിട്ടുണ്ട്.

(ബി) ടി പ്രവർത്തിക്കായി 1665 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി ധനവകുപ്പിൽ സമർപ്പിച്ചിരുന്നു. ഫണ്ടിന്റെ ലഭ്യതക്കുറവ് കാരണം കാണിച്ച് ഭരണാനുമതി നൽകിയിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഈ വരുന്ന സാമ്പത്തിക വർഷം ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

കോതമംഗലം-കോഴിപ്പള്ളി ബൈപ്പാസ് റോഡിന്റെ നിർമ്മാണം

292 (1336) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം - കോഴിപ്പള്ളി ബൈപ്പാസ് റോഡിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) റോഡിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം പദ്ധതികളുടെ പൂർത്തീകരണത്തിന് തടസ്സം നിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായ ശിക്ഷാനടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കോതമംഗലം-കോഴിപ്പള്ളി ബൈപ്പാസ് റോഡിന്റെ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഈ റോഡിന്റെ നിർമ്മാണത്തിനായി 2.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് 4(1) നോട്ടിഫിക്കേഷൻ ഡിനോവ ആയ സാഹചര്യത്തിൽ നെഗോഷ്യബിൾ പർച്ചേസ് ആക്ട് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) പദ്ധതികളുടെ പൂർത്തീകരണത്തിന് യാതൊരു വിധ തടസ്സങ്ങളും പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly